(ബി) കാരുണ്യ ഫാർമസി ബിൽഡിംഗ് പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ, നഗരസഭാ അനുമതി എന്നിവ ലഭ്യമാക്കാനുണ്ട്. ഇത് പൂർത്തീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ബിൽഡിംഗ് കൈമാറിയതിനുശേഷം ഫാർമസി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**'കാൻസർ ബാധിതരായ ജീവനക്കാർക്ക് നൽകിവരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ്**

54 (761) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാൻസർ ബാധിതരായ സർക്കാർ ജീവനക്കാർക്ക് കിമോതെറാപ്പി, റേഡിയേഷൻ എന്നിവയെ തുടർന്ന് നൽകിവരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് കാൻസർ ബാധിച്ചതിനെ തുടർന്നുള്ള സർജറിക്ക് വിധേയരാകുന്നവർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പൊന്നാനി താലൂക്ക് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

55 (762) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഓരോ തസ്തികയും എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു ;

(ബി) പ്രസ്തുത ആശുപത്രിയിലേക്ക് അനുവദിച്ച ഡോക്ടർമാരുടെ തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പൊന്നാനി നഗരസഭയിലെയും അയൽ ഗ്രാമ പഞ്ചായത്തുകളിലെയും ഒന്നര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഏക ആശ്രയമായ പ്രസ്തുത ആശുപത്രിയിൽ മതിയായ ഡോക്ടർമാരില്ലാതെ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അടിയന്തരമായി ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) 2010 ജൂൺ മുതലും ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജിസ്റ്റ്) 2012 മേയ് മുതലും ജൂനിയർ കൺസൾട്ടന്റ് (സർജൻ) 2010 ജൂൺ മുതലും കൺസൾട്ടന്റ് (ഫിസിഷ്യൻ) 2010 മാർച്ച് മുതലും ഒഴിഞ്ഞുകിടക്കുന്നു.

(ബി) 1. സൂപ്രണ്ട്

2. കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)

3. കൺസൾട്ടന്റ് (പീഡിയാട്രിക്സ്)

4. കൺസൾട്ടന്റ് (ഒ&ജി)

5. ജൂനിയർ കൺസൾട്ടന്റ് (ഒ&ജി)

6. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-3

7. ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി)

8. ജൂനിയർ കൺസൾട്ടന്റ് (ഡർമറ്റോളജി)

9. ജൂനിയർ കൺസൾട്ടന്റ് (സർജറി)

10. ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി)

11. ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്)

12. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)

13. കാഷ്യാലിറ്റി മെഡിക്കൽ ഓഫീസർ - 4

14. ഡെന്റൽ അസിസ്റ്റന്റ് സർജൻ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താലൂക്കാശുപത്രിക്ക് വേണ്ട സ്റ്റാഫ് പാറ്റേൺ ഇതുവരെ പൂർണ്ണമായിട്ടില്ല.

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.